**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2084 — 07.03.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

# വ്യാജ ചികിത്സ തടയാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജ ചികിത്സ സംബന്ധിച്ച് എടുത്ത നടപടികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജചികിത്സ നടത്തിയ സംഭവത്തിന് സംസ്ഥാനത്ത് 18 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ 11 കേസുകൾക്ക് ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും 7 കേസുകൾ അന്വേഷണാവസ്ഥയിലുമാണ്. |
| (ബി) ആരോഗ്യവിഭാഗത്തിലും ആയുഷ് വിഭാഗത്തിലും ഇത്തരത്തിൽ വ്യാജന്മാരെ കണ്ടെത്തുവാനുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) റിപ്പോർട്ട് ചെയ്യുന്ന ഇത്തരം സംഭവങ്ങളുടെ ഗൗരവം കണക്കിലെടുത്ത് വിവിധ ചികിത്സാ കേന്ദ്രങ്ങളെയും ആരോഗ്യ വിഭാഗത്തിലും ആയുഷ് വിഭാഗത്തിലും വ്യാജന്മാരെ കണ്ടെത്തുന്നതിന് പോലീസിലെ രഹസ്യാന്വേഷണവിഭാഗത്തിന്റെ കൂടി സഹായത്തോടെ നിരീക്ഷണം നടത്തി വരുന്നതും ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (സി) വ്യാജമരുന്ന് നിർമ്മിക്കുന്നവരെ കണ്ടെത്തുവാനുള്ള നടപടികൾ വിശദമാക്കുമോ; | (സി) നിലവിലില്ലാത്ത ഒരു കമ്പനിയുടെ പേരിലും, നിലവിലുള്ള കമ്പനിയുടെ ഉൽപ്പന്നത്തിന്റെ അതേ മാതൃകയിലും പേരിലും ലൈസൻസില്ലാതെ നിർമ്മിച്ച് വിതരണം ചെയ്യപ്പെടുന്ന മരുന്നുകളാണ് ഡ്രഗ്സ് & കോസ്മെറ്റിക്സ് നിയമപ്രകാരം വ്യാജമരുന്നുകൾ (Spurious Drugs) എന്ന് നിർവ്വചിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വളരെ ശക്തമായ ഒരു മരുന്നുവിതരണ ശൃംഖലയാണ് നിലവിലുള്ളത്. സംസ്ഥാനത്ത് വിപണിയിലെ 98% മരുന്നുകളും അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് ടി വിതരണ |

ശൃംഖലവഴിയാണ് വിറ്റഴിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള ഒരു വിതരണ ശൃംഖലയിലേയ്ക്ക് മേൽപ്പറഞ്ഞ വ്യാജമരുന്നുകൾ എത്തിക്കുവാൻ ശ്രമമുണ്ടായാൽ ആയത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ വിപണന ശൃംഖല തന്നെ മുൻകൈ എടുക്കുന്നതാണ്. കൂടാതെ വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാന മരുന്നു വിപണിയിൽ വ്യാജമരുന്നുകളില്ലെന്ന് നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. രാജ്യത്തെ മരുന്നുകളുടെ നിർമ്മാണ വിതരണ രീതികളെ സംബന്ധിച്ച് സമഗ്രമായ പഠനത്തിലേക്കായി കേന്ദ്രസർക്കാർ നിയോഗിച്ചിരുന്ന മാഷേൽക്കർ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരം വ്യാജമരുന്നുകളൊന്നും ഇല്ലാത്ത സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്ന് കണ്ടെത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) വ്യാജ മരുന്ന് വിൽക്കുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ ഡ്രഗ്സ് കൺട്രോളർ നടപടി സ്വീകരിക്കുന്നില്ലെന്ന കാര്യം ആരോഗ്യ വകുപ്പ് പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ? | (ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ ഷോപ്പുകളെല്ലാം തന്നെ അംഗീകൃതമരുന്നുകളാണ് നിയമാനുസൃതമായി വാങ്ങി വിൽക്കുന്നത്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്റ്റിലെ വ്യാജമരുന്നിന്റെ നിർവ്വചനത്തിൽപ്പെടുന്ന ഉൽപ്പന്നങ്ങൾ ഒന്നും തന്നെ മെഡിക്കൽ ഷോപ്പുകളിലോ മറ്റ് സ്ഥാപനങ്ങളിലോ ഉള്ളതായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് കണ്ടെത്തിയിട്ടില്ല. ഇത്തരത്തിൽ വ്യാജമരുന്നുകൾ കണ്ടെത്തിയിട്ടും വകുപ്പ് നടപടികൾ സ്വീകരിക്കുന്നില്ല എന്നത് വസ്തുതാപരമല്ല. |

സെക്ഷൻ ഓഫീസർ